# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അടിസ്ഥാന സൗകര്യ വികസനവും മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങളിലൂടെയും അസമിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that the government is trying to create more employment opportunities in Assam through infrastructure development and improved transportation systems.**

2. രാജ്യത്ത് 10,000 കോടി രൂപയുടെ 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0' പദ്ധതിക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭായോഗം. നഗര പ്രദേശങ്ങളുടെ വികസനത്തിനായി ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ടിനും അനുമതി.

   **The Union Cabinet has approved the 10,000 crore Startup India Fund of Funds 2.0 scheme. Approval was also given for One lakh crore Urban Challenge Fund aimed for the development of urban areas.**

3. സ്ത്രീ സുരക്ഷിത തൊഴിലിടങ്ങളും തുല്യ തൊഴിൽ അവസരങ്ങളുമാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അന്നപൂർണ ദേവി.

   **Union Minister Annapurna Devi said that the government's objective is to ensure safe workplaces for women and equal employment opportunities.**

4. കേരളത്തിൽ തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെയുള്ള നടപടികൾ അവസാന ഘട്ടത്തിലേക്ക്. അന്തിമ വോട്ടർപട്ടിക ഈ മാസം 21 ന്.

**In Kerala, the procedures related to the Special Intensive Revision of electoral roll, including hearings are in the final stage. The final electoral roll will be published on the 21st of this month.**

5. ജനങ്ങളോടുള്ള ആത്മാർത്ഥതയും ആർജവവുമാണ് വികസനത്തിന് ആവശ്യമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

**Union Minister of State Suresh Gopi said that sincerity and integrity towards the people are essential for development.**

6. ലോക പാരാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിലെ സ്വർണ മെഡൽ നേട്ടവുമായി ബാഡ്മിന്റൺ ചരിത്രത്തിൽ റെക്കോർഡ് കുറിച്ച് ഇന്ത്യയുടെ പ്രമോദ് ഭഗത്.

**India's Pramod Bhagat scripted a record in badminton history by winning gold medal at the World Para Badminton Championship.**

**&&&&&&&&&&&&&&&&&&&**

# EVE PM ASSAM VISIT-INTRO

അടിസ്ഥാന സൗകര്യ വികസനവും മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങളിലൂടെയും അസമിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുവാഹത്തിയിലെ ഖാനാപ്പാറയിൽ ബി.ജെ.പി പ്രവർത്തകരുടെ വിജയ് സങ്കൽപ്പ് യാത്രയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 11 വർഷങ്ങളിൽ 5.5 ലക്ഷം കോടിയിലേറെ രൂപയാണ് വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളുടെ വികസനത്തിനായ് വകയിരുത്തിയതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

അസമിൽ അയ്യായിരത്തി, 450 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവ്വഹിച്ചു. കുമാർ ഭാസ്കർ വർമ്മ സേതു പാലം, ഗുവാഹത്തിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ താത്കാലിക കാമ്പസ്, 225 ഇലക്ട്രിക് ബസുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ദിബ്രുഗഡിലെ മോറാൻ ബൈപാസിൽ 100 കോടി രൂപ ചെലവിൽ നിർമ്മിച്ച അടിയന്തര വിമാന ലാൻഡിംഗ് സൗകര്യവും പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു.

&&&&&&&&&&&&&&&&&&&

## UNION CABINET- STARTUP

രാജ്യത്തെ സ്റ്റാർട്ടപ്പ് മേഖലയ്ക്ക് കരുത്തേകാൻ 10,000 കോടി രൂപയുടെ 'സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0' പദ്ധതിക്ക് കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി. ആഭ്യന്തര മൂലധനം സമാഹരിക്കുന്നതിനും നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ഫണ്ട് സഹായിക്കുമെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

## UNION CABINET- INTRO

രാജ്യത്ത് ഗതാഗത-അടിസ്ഥാനസൗകര്യ മേഖലയിൽ വൻ മുന്നേറ്റത്തിന് വഴിയൊരുക്കി റെയിൽവേ- ദേശീയപാത വികസന പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പി.എം ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ചരക്ക് നീക്കം വേഗത്തിലാക്കാനും സാമ്പത്തിക വളർച്ച ഉറപ്പാക്കാനും ലക്ഷ്യമിടുന്നു.

**വിശദാംശങ്ങളിലേക്ക് ...**

(വോയിസ്)

&&&&&&&&&&&&&&&&&&&

## UNION CABINET- VOICE

നഗരപ്രദേശങ്ങളുടെ വികസനം ലക്ഷ്യം വെച്ച് ഒരു ലക്ഷം കോടി രൂപയുടെ കേന്ദ്ര സഹായമുള്ള അർബൻ ചലഞ്ച് ഫണ്ടിന് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. പദ്ധതി ചിലവിൻറെ 25 ശതമാനം ഈ ഫണ്ടിൽ ഉൾപ്പെടുത്തും. അടുത്ത 5 വർഷം നഗര മേഖലയിൽ നാല് ലക്ഷം കോടി രൂപയുടെ മൊത്ത നിക്ഷേപത്തിന് ഇത് വഴിയൊരുക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയിസ് - വൈഷ്ണവ്)

ഡൽഹി, ഹരിയാന, മഹാരാഷ്ട്ര, കർണാടക എന്നീ സംസ്ഥാനങ്ങളിലായി 389 കിലോമീറ്റർ ദൈർഘ്യമുള്ള മൂന്ന് റെയിൽവേ മൾട്ടി-ട്രാക്കിംഗ് പദ്ധതികൾക്കും മന്ത്രിസഭയുടെ അനുമതി ലഭിച്ചു. 18,509 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതികൾ 2030-31 ഓടെ പൂർത്തിയാകും. നിർമ്മാണ വേളയിൽ 265 ലക്ഷം തൊഴിൽ ദിനങ്ങൾ ഇതുവഴി സൃഷ്ടിക്കപ്പെടും. തെലങ്കാന, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലായി ദേശീയപാതകൾ നവീകരിക്കുന്നതിനും നാലുവരിപ്പാതയാക്കുന്നതിനും കേന്ദ്ര സർക്കാർ അനുമതി നൽകി.

ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&&&&&

## JITENDRA SINGH - RISE CONCLAVE

ശാസ്ത്ര സാങ്കേതിക മേഖലയിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുള്ള സാഹചര്യമൊരുക്കുന്നതിന് സർക്കാർ മുൻഗണന നൽകിയിട്ടുണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ചെന്നൈയിൽ രണ്ട് ദിവസത്തെ റൈസ് കോൺക്ലേവിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. രണ്ട് ലക്ഷത്തിലധികം ഇന്ത്യാക്കാരുടെ നൂതന സംരംഭങ്ങൾക്ക് പേറ്റന്റ് ലഭിച്ചിട്ടുണ്ടെന്നും ശ്രീ ജിതേന്ദ്ര സിങ് പറഞ്ഞു. സർവകലാശാലകളുമായും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും സിഎസ്ഐആർ കോൺക്ലേവിൽ ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&&

## WCD-SHE BOX

സ്ത്രീകളുടെ തൊഴിൽ മേഖലകൾ സുരക്ഷിതമാക്കുകയും തുല്യമായ തൊഴിൽ അവസരങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അന്നപൂർണ ദേവി. തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷയെക്കുറിച്ചുള്ള ദേശീയ സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ഷീ ബോക്സ് പോർട്ടൽ സ്ത്രീകൾക്ക് ജോലിസ്ഥലത്ത് പരാതികൾ രജിസ്റ്റർ ചെയ്യുന്നത് എളുപ്പമാക്കിയിട്ടുണ്ട്. ഈ കേന്ദ്രീകൃത പോർട്ടലിൽ ഒരു ലക്ഷത്തിലധികം തൊഴിലിടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ശ്രീമതി അന്നപൂർണ ദേവി അറിയിച്ചു.

&&&&&&&&&&&&&&&&&&&

## REV. SITHARAMAN- MUNICH

മ്യൂണിക്ക് സുരക്ഷാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ജർമ്മനിയിലെത്തി. സമ്മേളനത്തിന്റെ ഭാഗമായി ആഗോള സാമ്പത്തിക - തന്ത്രപ്രധാന വിഷയങ്ങളിൽ ഊന്നൽ നൽകുന്ന സുപ്രധാന ചർച്ചകളിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ധനമന്ത്രിമാരുമായും പ്രമുഖ അന്താരാഷ്ട്ര സംഘടനാ മേധാവികളുമായും ശ്രീമതി നിർമ്മല സീതാരാമൻ ഉഭയകക്ഷി ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&&&&

## SURESH GOPI - KOLLAM

ജനങ്ങളോടുള്ള ആത്മാർത്ഥതയും ആർജവവുമാണ് വികസനത്തിന് ആവശ്യമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കൊല്ലം റെയിൽവേ സ്റ്റേഷനിൽ പുതുതായി നിർമ്മിച്ച ബഹുനില കാർ പാർക്കിംഗ് കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതാണ് യഥാർത്ഥ വികസനമെന്നും ശ്രീ സുരേഷ്ഗോപി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതി നുള്ള അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newsonair.gov.in (under Vacancies category) or https://prasarbharati.gov.in/pbvacancies/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2026 ഫെബ്രുവരി 17.

&&&&&&&&&&&&&&&&&&&

# SIR

കേരളത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട ഹിയറിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്. 122 നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. ഹിയറിങ്ങ് അവശേഷിക്കുന്ന 16 നിയോജകമണ്ഡലങ്ങളിൽ ഉടൻ തന്നെ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

&&&&&&&&&&&&&&&&&&&

# PATHANAMTHITTA- AALIN-INTRO

സംസ്ഥാനത്ത് ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവായ ആലിൻ ഷെറിൻ ഏബ്രഹാമിൻറെ സംസ്കാരം നാളെ നടക്കും. പത്തനംതിട്ടയിലെ മല്ലപ്പള്ളിയിൽ വൈകുന്നേരം 3.30-ന് ഔദ്യോഗിക ബഹുമതികളോടെയായിരിക്കും സംസ്കാരം. ആലിൻൻറെ അവയവങ്ങൾ 5 പേർക്കാണ് ദാനം ചെയ്തത്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.....**

(ഹോൾഡ്)

&&&&&&&&&&&&&&&&&&&

## PARA BADMINTON CHAMPIONSHIP

ലോക ബാഡ്മിന്റൺ ചരിത്രത്തിൽ റെക്കോർഡ് കുറിച്ച് ഇന്ത്യയുടെ പ്രമോദ് ഭഗത്. ലോക പാരാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ SL3 വിഭാഗം സിംഗിൾസിൽ പ്രമോദ് സ്വർണ മെഡൽ നേടി. ഇന്തോനേഷ്യയുടെ മുഹമ്മദ് അൽ ഇമ്രാനെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് ഈ ചരിത്രനേട്ടം . ഇതോടെ ലോക ബാഡ്മിന്റൺ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സിംഗിൾസ് ലോക കിരീടങ്ങൾ നേടുന്ന താരമായി പ്രമോദ് ഭഗത് മാറി.

&&&&&&&&&&&&&&&&&&&

## T- 20 CRICKET

ഐ.സി.സി പുരുഷ ടി-20 ലോകകപ്പിൽ ന്യൂസിലൻഡ് ദക്ഷിണാഫ്രിക്ക മത്സരം അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ദക്ഷിണാഫ്രിക്ക, ഫീൽഡിംഗ് തിരഞ്ഞെടുത്തു. നേരത്തെ കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ ഇംഗ്ലണ്ട് 5 വിക്കറ്റിന് സ്കോട്ട്ലൻഡിനെ പരാജയപ്പെടുത്തി. കൊളംബോയിൽ നടന്ന മറ്റൊരു മത്സരത്തിൽ അയർലൻഡ് 96 റൺസിന് ഒമാനെ പരാജയപ്പെടുത്തി. ഇന്ത്യ, പാകിസ്ഥാൻ പോരാട്ടം നാളെ രാത്രി 7.00 ന് കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ നടക്കും.

&&&&&&&&&&&&&&&&&&&

## INDIAN SUPER LEAGUE

ഇന്ത്യൻ സൂപ്പർ ലീഗ് പന്ത്രണ്ടാം സീസണിന് കൊൽക്കത്തയിൽ തുടക്കമായി. ഉദ്ഘാടന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിനെതിരെ മോഹൻ ബഗാന് ഒരു ഗോൾ വിജയം. രണ്ടാം മത്സരത്തിൽ എഫ് സി ഗോവ- ഇൻറർ കാശി എഫ് സിയെ നേരിടും. ഗോവയിലാണ് മത്സരം.

&&&&&&&&&&&&&&&&&&&

## POSTS- EIGHT STAMPS

കേരളം ഉൾപ്പെടെ 6 സംസ്ഥാനങ്ങളിലെ പാവകളിയെക്കുറിച്ചുള്ള എട്ട് സ്മാരക സ്റ്റാമ്പുകൾ തപാൽ വകുപ്പ് പുറത്തിറക്കി. രാജസ്ഥാൻ, കർണാടക, പശ്ചിമ ബംഗാൾ, ഒഡീഷ, ആന്ധ്രാപ്രദേശ് എന്നിവയാണ് മറ്റ് സംസ്ഥാനങ്ങൾ. അഞ്ചു രൂപയാണ് സ്റ്റാമ്പിന്റെ വില. ഫിലാറ്റലിക് ബ്യൂറോകളിലും ഇ-പോസ്റ്റ് ഓഫീസ് പോർട്ടൽ വഴിയും സ്റ്റാമ്പുകൾ ലഭ്യമാണ്.

&&&&&&&&&&&&&&&&&&&

&&&&&&&&&&

&&&&